**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 289** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-സ്റ്റോർ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിലെ റേഷൻ കടകൾ നവീകരിക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ ഗ്രാമീണ/മലയോര/വിദൂര/ ഒറ്റപ്പെട്ട/ആദിവാസി മേഖലയിലെ റേഷൻ കടകൾ നവീകരിക്കുന്നതിനും, മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും കെ-സ്റ്റോർ പദ്ധതി മുഖേന കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 359 കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കൂടുതൽ റേഷൻ കടകളിൽ സമയബന്ധിതമായി കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കൂടുതൽ റേഷൻ കടകളിൽ കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | പുതുക്കാട് മണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (സി) | രണ്ട് കെ-സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ